**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2365 08.07.2015-ൽ മറുപടിക്ക്**

**ഗുരുവായൂർ കുടിവെള്ള പദ്ധതി**

| ചോദ്യം<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കരുവന്നൂർ പുഴയിൽ നിന്നുള്ള ജലം ഉപയോഗിച്ച് ഗുരുവായൂരിലേക്കുള്ള കുടിവെള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | എ) | കിണർ, പമ്പ് ഹൗസ്, ജല ശുദ്ധീകരണശാല, എങ്ങണ്ടിയൂർ ഭൂതല ജലസംഭരണിവരെയുള്ള പൈപ്പ് ലൈൻ, വെള്ളാനിയിലുള്ള പമ്പ് ഹൗസ് എന്നിവ പൂർണ്ണമായും ഗുരുവായൂരിലെ വിതരണ ശൃംഖല ഭാഗികമായും പൂർത്തിയായിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു. |
| ബി) | ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ പ്രസ്തുത പദ്ധതിക്ക് തടസ്സം നിൽക്കുന്നുണ്ടോ ; | ബി) | ഗുരുവായൂരിലേക്കുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി കരാറുകാരന് പൂർത്തിയാക്കാൻ സാധിക്കാത്തതുമൂലം 8 കിലോ മീറ്ററോളം പൈപ്പ് ഇനിയും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള പുനർ ദർഘാസ് 18.06.2015 ന് ക്ഷണിച്ചിട്ടുണ്ട്. |
| (സി) | ഗുരുവായൂർ, ചാവക്കാട് നഗരസഭകൾക്കും ഗുരുവായൂർ ദേവസ്വത്തിനും പങ്കാളിത്തമുള്ള കുടിവെള്ള പദ്ധതി എന്ന് പൂർത്തീകരിക്കാനാകും ? | (സി) | മാർച്ച് 2016 നോടുകൂടി ഈ പദ്ധതി പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ